01084 ADHS(PH)

1/3/14

# കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സംസ്ഥാനത്തെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഹെൽത്ത് സർവ്വീസസ് വകുപ്പിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും നിയമിതരായ താൽക്കാലിക ജീവനക്കാരുടെ സേവനം 3 മാസത്തേയ്ക്ക് കൂടി താല്ക്കാലികമായി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

===========================================================================

## ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്

സ.ഉ. (സാധാ) നമ്പർ. 679 /2014/ആകുവ തീയതി, തിരുവനന്തപുരം, 26.02.2014.

പരാമർശം :- 1. 20.06.2012 ലെ സ.ഉ (കൈ) നം.187/2012/ആകുവ.
2. 20.9.12 ലെ സ.ഉ (കൈ) നം.308/2012/ആകുവ
3. 05.10.12 ലെ സ.ഉ (കൈ) നം.332/2012/ആകുവ.
4. 22.12.2012 ലെ സ.ഉ (കൈ) നം.434/2012/ആകുവ.
5. 30.03.2013 ലെ സ.ഉ (കൈ) നം.118/2013/ആകുവ.
6. 6.06.2013 ലെ സ.ഉ. (കൈ) നം.220/2013/ആകുവ.
7. 31.05.2013 ലെ സ.ഉ. (കൈ) നം.212/2013/ആകുവ
8. 11.06.2013 സ. ഉ. (സാധാ) നം, 2019/2013/ആകു.വ
9. 18.10.13 ലെ സ. ഉ. (കൈ) നം.416/2013/ആകുവ
10. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 24.10.13 ലെ പി.എച്ച്. 4-24400/2013/ ആ. വ, ഡ. നമ്പർ കത്ത്.
11. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 06.11.13 ലെ ജെ 4/27207/13/ മെ. വി. വ. നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി പരാമർശം 1 ലെ ഉത്തരവ് പ്രകാരം ഹെൽത്ത് സർവ്വീസസ് വകുപ്പിൽ 14 ജില്ലകളിലായി 3 മാസത്തേയ്ക്ക് താല്ക്കാലികമായി 209 ഡോക്ടർമാർ, ഉൾപ്പെടെ 1902 പേരെ നിയമിക്കുകയും മേൽ ജീവനക്കാരുടെ സേവന കാലാവധി പരാമർശം 2 മുതൽ 6 വരെയുള്ള ഉത്തരവുകൾ പ്രകാരം 2013 ഒക്ടോബർ 16 വരെ ദീർഘിപ്പിച്ചു നൽകുകയുമുണ്ടായി. പരാമർശം 7 ലെ ഉത്തരവ് പ്രകാരം വിവിധ മെഡിക്കൽ കോളേജുകളിൽ താല്ക്കാലികമായി 269 ജീവനക്കാരെയും, ഹെൽത്ത് സർവ്വീസസിനു കീഴിൽ 90 ജീവനക്കാരെയും 4 മാസത്തേയ്ക്ക് നിയമിക്കുകയുണ്ടായി. കൂടാതെ പനി പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ പരാമർശം 8 ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരം, മെഡിക്കൽ കോളേജിൽ 90 ജീവനക്കാരെയും താൽക്കാലികമായി നിയമിക്കുകയുണ്ടായി. ഹെൽത്ത് സർവ്വീസസിൽ നിയമിതരായ 1213 പേരുടേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിയമിതരായ 203 പേരുടേയും സേവന കാലാവധി പരാമർശം 9 ലെ ഉത്തരവ് പ്രകാരം 18.10.2013 മുതൽ മൂന്ന് മാസത്തേക്കുകൂടി വീണ്ടും ദീർഘിപ്പിക്കുകയുണ്ടായി.

2. പരാമർശം 7 ലെ ഉത്തരവ് പ്രകാരം ഹെൽത്ത് സർവ്വീസസിലും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും താല്ക്കാലികമായി നിയമിതരായ 359 ജീവനക്കാരിൽ; മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിയമിതരായ 203 ജീവനക്കാരുടെ സേവന കാലാവധി മാത്രമാണ് പരാമർശം 9 ലെ

....2

Addl. PH



ഉത്തരവ് പ്രകാരം ദീർഘിപ്പിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം ഹെൽത്ത് സർവ്വീസസിനു കീഴിൽ നിയമിതരായ 90 ജീവനക്കാരുടെ സേവന കാലാവധി ഒക്ടോബർ 16-ന് അവസാനിച്ചുവെങ്കിലും കാലാവധി ദീർഘിപ്പിച്ച് ഉത്തരവായിരുന്നില്ല. ഇതു സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നല്കണമെന്ന് പരാമർശം 10 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറും, പരാമർശം 8 ലെ ഉത്തരവ് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിയമിച്ച 90 ജീവനക്കാരുടെ സേവന കാലാവധി കൂടി ദീർഘിപ്പിക്കണം എന്ന് പരാമർശം 11 പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 7 ലെ ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനു കീഴിൽ നിയമിതരായ 90 ജീവനക്കാരുടേയും, പരാമർശം 8 ലെ ഉത്തരവ് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിൽ നിയമിതരായ 90 ജീവനക്കാരുടേയും സേവനകാലാവധി 18.10.2013 മുതൽ 3 മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. കെ. ഇളങ്കോവൻ**

സെക്രട്ടറി ടു ഗവൺമെന്റ്

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ. ആർ.എച്ച്, എം, തിരുവനന്തപുരം
സൂപ്രണ്ട്, മെഡിക്കൽ കോളേജ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള , തിരുവനന്തപുരം.
അഡിഷണൽ സെക്രട്ടറി, ചീഫ് സെക്രട്ടറിയുടെ ഓഫീസ്.
ധനകാര്യ വകുപ്പ്.(05-2.2014 ലെ 7333/എച്ച് & എൽ - ബി1/14/ധന നമ്പർ യു.ഒ പ്രകാരം)
വെബ് & ന്യൂ മീഡിയ
പൊതുഭരണ (എസ്. സി) വകുപ്പ് .
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ് : മുഖ്യ മന്ത്രിയുടെ സെക്രട്ടറിയ്ക്ക്
ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്.

മേലെഴുത്ത്.നം. ഡി.എച്ച് 4 - 24400/13/ആ.വ.ഡ തീ. 6-3-14

പകർപ്പ് എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും അറിവിലേക്കും തുടർ നടപടികൾക്കായും നൽകുന്നു.

ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് വേണ്ടി